**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 122** **10-06-2024 - ൽ മറുപടിയ്ക്ക്**

**പന്തീരാങ്കാവ് ഗാർഹിക പീഡന കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് പന്തീരാങ്കാവ് ഗാർഹിക പീഡനക്കേസിലെ മുഖ്യപ്രതി വിദേശത്തേക്ക് കടന്നത് പോലീസിന്റെ വീഴ്ചയാണോ എന്ന് വ്യക്തമാക്കാമോ; | (എ) | പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് യുവതിയുടെ ബന്ധുക്കൾ പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പന്തീരാങ്കാവ് പോലീസ് യുവതിയുടെ മൊഴി രേഖപ്പെടുത്തുകയും ക്രൈം നമ്പർ 391/2024 ആയി IPC 324, 498 എന്നിവ പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയുമുണ്ടായി. പ്രാഥമിക ഘട്ടത്തിൽ കേസിന്റെ അന്വേഷണത്തിൽ വീഴ്ചവരുത്തിയ പന്തീരാങ്കാവ് എസ്.എച്ച്.ഒ സരിനെയും പ്രതിയെ സഹായിച്ചുവെന്നാരോപിക്കപ്പെട്ട സി.പി.ഒ ശരത് ലാലിനെയും അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. നിലവിൽ കേസിന്റെ അന്വേഷണം ഫറോക്ക് അസിസ്റ്റന്റ് കമ്മീഷണറുടെ ചുമതലയിൽ നടന്നു വരുന്നു. പ്രതിക്ക് ഏതെങ്കിലും വിധത്തിൽ രക്ഷപ്പെടാൻ സഹായം ലഭിച്ചോ എന്ന കാര്യത്തിലും അന്വേഷണം നടന്നു വരുന്നു. |
| (ബി) | വിദേശത്തേക്ക് രക്ഷപ്പെടാൻ പ്രസ്തുത വ്യക്തിയെ പോലീസ് സഹായിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത വ്യക്തിയെ വിദേശത്ത് നിന്നും നാട്ടിലെത്തിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | കേസിലെ ഒന്നാം പ്രതിയെ കണ്ടെത്തുന്നതിനും പിടികൂടുന്നതിനുമായി Blue Corner നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കേസിൽ എത്രയും വേഗം അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചതിനു ശേഷം Red Corner നോട്ടീസ് പുറപ്പെടുവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ